# ഇനിയും വസ്വിയ്യത്ത് എഴുതാത്തവരോട്...

عَنْ عَبْدِ اللَّهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا: اَنَّ رَسُولَ اللَّهِ ﷺ قَالَ: مَاحَقُّ امْرِئٍ مُسْلِمٍ، لَهُ شَيْئٌ يُوصِي فِيهِ، يَبِيتُ لَيْلَتَيْنِ إِلَّا وَوَصِيَّتُهُ مَكْتُوبَةٌ عِنْدَهُ (بُخَارِى، مُسْلِم).

അബ്ദുല്ലാഹിബ്നു ഉമറി(റ)ല്‍നിന്ന് നിവേദനം. റസൂല്‍(സ) പറഞ്ഞു: "വസ്വിയ്യത്ത് ചെയ്യാവുന്ന വല്ലതുമുണ്ടായിട്ട്, തന്റെ വസ്വിയ്യത്ത് എഴുതാതെ രണ്ട് രാവുകള്‍ ചെലവഴിക്കുക എന്നത് ഒരു വിശ്വാസിക്ക് യോജിച്ചതല്ല" (ബുഖാരി, മുസ്‌ലിം).

ഒരു വിശ്വാസി മരണാസന്നനാവുന്ന സന്ദര്‍ഭത്തില്‍ അനന്തരാവകാശം ലഭിക്കാത്ത അദ്ദേഹത്തിന്റെ ബന്ധുക്കള്‍ക്കോ മറ്റോ തന്റെ സമ്പത്തില്‍ അവകാശം നിര്‍ണയിക്കുന്നതാണ് വസ്വിയ്യത്ത്. അനന്തരാവകാശ നിയമങ്ങള്‍ വിശദമാക്കുന്ന ഖുര്‍ആനിക സൂക്തങ്ങള്‍ അവതരിക്കുന്നതിന് മുമ്പ് വസ്വിയ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പരേതന്റെ സമ്പത്ത് വിഹിതം വെച്ചിരുന്നത്. മാതാപിതാക്കളും ഭാര്യയും മക്കളുമടങ്ങുന്ന അടുത്ത ബന്ധുക്കള്‍ക്ക് വേണ്ടിയായിരുന്നു മുഖ്യമായും നിര്‍ബന്ധമായ വസ്വിയ്യത്ത് അക്കാലത്ത് നടന്നിരുന്നത്. പിന്നീട് അനന്തരാവകാശങ്ങള്‍ നിര്‍ണിതമാക്കിക്കൊണ്ടുള്ള ആയത്തുകള്‍ അവതരിച്ചു. അതോടെ അനന്തരാവകാശം ലഭിക്കുന്നവര്‍ക്ക് വസ്വിയ്യത്ത് ചെയ്യുന്നത് വിലക്കപ്പെട്ടു. അതേപ്പറ്റി റസൂല്‍(സ) പറഞ്ഞു: "ഓരോ അവകാശിക്കും അല്ലാഹു അവന്റെ അവകാശം നല്‍കിയിരിക്കുന്നു. അതുകൊണ്ട് ഇനി അനന്തരാവകാശിക്ക് വസ്വിയ്യത്ത് ചെയ്യാന്‍ പാടില്ല." (അഹ്മദ്, അബൂദാവൂദ്, തിര്‍മുദി) അനന്തരാവകാശികളല്ലാത്തവര്‍ക്ക് വസ്വിയ്യത്ത് രേഖപ്പെടുത്തല്‍ അതിനു ശേഷവും സ്വഹാബികള്‍ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമായി തുടര്‍ന്നു. ഇബ്നു ഉമര്‍ പറയുന്നു: "ഈ പ്രവാചക വചനം കേട്ട ശേഷം വസ്വിയ്യത്ത് രേഖപ്പെടുത്തിയത് കൂടെ വെച്ചിട്ടല്ലാതെ ഞാന്‍ ഉറങ്ങിയിട്ടില്ല."

എത്ര ധനമുള്ളവനാണ് വസ്വിയ്യത്ത് ചെയ്യേണ്ടതെന്ന ചര്‍ച്ച ഹദീസുകളില്‍ കാണാം. 800 ദിര്‍ഹമിന്റെ സ്വത്തുള്ളയാള്‍ക്ക് വസ്വിയ്യത്ത് നിര്‍ബന്ധമാണെന്ന് ഇബ്നു അബ്ബാസ്(റ). ആയിരം ദിര്‍ഹമാണെന്നാണ് ഖതാദ(റ)യുടെ അഭിപ്രായം. സമ്പത്തിന്റെ കൃത്യമായ തോത് വസ്വിയ്യത്തില്‍ നിര്‍ണിതമാക്കിയിട്ടില്ലെന്ന് സാരം. വസ്വിയ്യത്ത് ചെയ്യുന്ന വ്യക്തികളുടെയും അന്തരാവകാശികളുടെയും കുടുംബ സാമ്പത്തിക സ്ഥിതിയനുസരിച്ചാണത് നിര്‍ണയിക്കപ്പെടുന്നത്. ആഇശ(റ)യുടെ റിപ്പോര്‍ട്ടില്‍ നിന്നത് വ്യക്തമാകുന്നുണ്ട്. തന്റെ ധനം വസ്വിയ്യത്ത് ചെയ്യാനുദ്ദേശിച്ച ഒരു വ്യക്തി ആഇശ(റ)യെ സമീപിച്ചു. "നിങ്ങള്‍ക്കെത്ര സ്വത്തുണ്ട്?" ഉമ്മുല്‍ മുഅ്മിനീന്‍ ചോദിച്ചു. "3000 ദിര്‍ഹം." അദ്ദേഹം മറുപടി പറഞ്ഞു. "അനന്തരാവകാശികള്‍ എത്ര പേരുണ്ട്?" "നാലു പേര്‍." 'എങ്കില്‍ സമ്പാദ്യം നിന്റെ കുടുംബത്തിന് കൈമാറലാണ് നിനക്ക് ഉത്തമം,' ആഇശ(റ) മറുപടി പറഞ്ഞു. അനന്തരാവകാശികളെ ദരിദ്രരാക്കി മാറ്റുന്ന വസ്വിയ്യത്ത് ഉത്തമമല്ല എന്നാണ് ഈ സംഭവം തെളിയിക്കുന്നത്. എന്നാല്‍ സമ്പത്ത് എത്രയായാലും അതില്‍ നിന്ന് കുറച്ചെങ്കിലും വസ്വിയ്യത്ത് ചെയ്യണം എന്നു തന്നെയാണ് ഇബ്നു അബ്ബാസും(റ) അനുചരന്മാരും പറയുന്നത്. ബാധ്യതയുള്ളവരുടെ കടം കൊടുത്തുതീര്‍ത്ത സമ്പത്തിനേ വസ്വിയ്യത്ത് ബാധകമാവൂ എന്നതില്‍ ആര്‍ക്കും അഭിപ്രായ വ്യത്യാസമില്ല.

അതുപോലെ സമ്പത്തിന്റെ മൂന്നിലൊന്നില്‍ കൂടുതല്‍ വസ്വിയ്യത്ത് ചെയ്യരുതെന്നും നബി(സ) വ്യക്തമാക്കിയിട്ടുണ്ട്. സഅ്ദബ്നു അബീവഖാസ്(റ) തന്റെ മുഴുവന്‍ സമ്പത്തും വസ്വിയ്യത്ത് ചെയ്യാനൊരുങ്ങിയപ്പോള്‍ അത് തടഞ്ഞുകൊണ്ട് നബി(സ) പറഞ്ഞു: "മൂന്നിലൊന്ന് മതി. മൂന്നിലൊന്ന് തന്നെ ധാരാളമാണ്" (ബുഖാരി, മുസ്‌ലിം). അനന്തരാവകാശികള്‍ ഉള്ളവര്‍ക്ക് മാത്രമേ ഈ പരിധി ബാധകമുള്ളൂവെന്നാണ് ചില പണ്ഡിതാഭിപ്രായങ്ങള്‍. അനന്തരാവകാശികളില്ലെങ്കില്‍ മുഴുവന്‍ സമ്പത്തും വസ്വിയ്യത്ത് ചെയ്യാമെന്നാണ് ഹനഫീ പണ്ഡിതന്മാര്‍ പറയുന്നത്.

പിതാവ് ജീവിച്ചിരിക്കെ മരണപ്പെട്ട മകന്റെ സന്താനങ്ങള്‍ (പൗത്രന്‍), ജീവിതം മുന്നോട്ട് നീക്കാന്‍ പ്രയാസപ്പെടുന്ന മകന്റെ വിധവയായ ഭാര്യ, തന്റെ ആശ്രയത്തില്‍ വളരുന്ന അനാഥകളും അഗതികളുമായ ബന്ധുക്കള്‍ എന്നിവര്‍ക്കെല്ലാം അവരുടെ സുരക്ഷിത ജീവിതത്തിനാവശ്യമായ ധനം മുന്‍ഗാമികള്‍ തങ്ങളുടെ മരണാസന്നവേളയില്‍ വസ്വിയ്യത്ത് ചെയ്തിരുന്നു. അതിനാല്‍ പിതാവ് മരിച്ച പൗത്രനോടോ അവരുടെ വിധവയോടോ ഇസ്‌ലാം അനീതി കാണിച്ചുവെന്ന് അന്ന് പരാതിയുയര്‍ന്നിരുന്നില്ല. ഇന്ന് അത്തരം നീതിനിഷേധങ്ങള്‍ ചില കുടുംബങ്ങളിലെങ്കിലും സംഭവിക്കുന്നത് വസ്വിയ്യത്ത് സമുദായം വിസ്മരിച്ചതുകൊണ്ടാണ്. 'നിങ്ങളുടെ മരണസമയത്ത് അല്ലാഹു നിങ്ങളുടെ സ്വത്തിന്റെ മൂന്നിലൊന്ന് നിങ്ങള്‍ക്ക് വിട്ടുതന്നിരിക്കുന്നു, നിങ്ങളുടെ കര്‍മങ്ങളില്‍ അധികമായിട്ട്' എന്ന റസൂലിന്റെ വചനം വസ്വിയ്യത്തിനുള്ള ആഹ്വാനവും പ്രോത്സാഹനവുമാണ്.

വസ്വിയ്യത്ത് ചെയ്തശേഷം മരിക്കുന്നവന് അത്മൂലം പാപമോചനം വരെ ലഭിച്ചേക്കാം. ജാബിര്‍(റ)ല്‍നിന്ന് നിവേദനം: റസൂല്‍(സ) പറഞ്ഞു: "വസ്വിയത്ത് ചെയ്തു മരിക്കുന്നവന്‍ സദ്‌വഴിയിലും സുന്നത്തിലുമായി, ഭക്തനും സത്യസാക്ഷിയും പാപമുക്തനുമായി മരിച്ചിരിക്കുന്നു" (ഇബ്നു മാജ). ■